**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം റൂറൽ ഇൻഫർമേഷൻ ബ്യൂറോയിൽ ക്യാമ്പയിൻ ഓഫീസർ തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ റ്റി. കൃഷ്ണന്റെ മകൾ ശ്രീമതി. ഡെസ് ലി എൽ. കെ. യ്ക്ക് ഗ്രാമവികസന വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (എം.എസ്) നം. 122/2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 23.06.2017.

പരാമർശം:- 1. 30.12.1991 ലെ ജി.ഒ.(പി) 45/91/പി &എ.ആർ.ഡി നമ്പർ ഉത്തരവ്.
2. 12.08.1996 -ലെ ജി.ഒ.(പി) 460/96-ാം നമ്പർ വിജ്ഞാപനം.
3. (എ) 24.05.1999 ലെ ജി.ഒ.(പി) 12/1999 /പി &എ.ആർ.ഡി നമ്പർ ഉത്തരവ്.
(ബി) 18.11.1999 ലെ ജി.ഒ.(പി) 24/1999 /പി &എ.ആർ.ഡി നമ്പർ ഉത്തരവ്.
4. 12.04.2010 ലെ ജി.ഒ.(പി) നം. 14/2010/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
5. ശ്രീമതി. ഡെസ്ലി. എൽ. കെ.യുടെ 15.07.2010 ൽ സമർപ്പിച്ച അപേക്ഷ.
6. 02.09.2011 ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ D.Dis.16928/2011/S6 നമ്പർ കത്ത്.
7. 23.07.2013 ലെ ജി.ഒ.(എം.എസ്) 21/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
8. 29.08.2013 ലെ ജി.ഒ.(എം.എസ്) നം.24/2013/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
9. 26.09.2014 ലെ ജി.ഒ.(പി) നം. 33/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 1399/2013.-ലെ 10.08.2016 ലെ വിധിന്യായം.
11. ഗ്രാമവികസന കമ്മീഷണറുടെ 24.11.2016 ലെ 18193/എസ്റ്റാ.സി1/2016/ സി.ആർ. ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിലെ റൂറൽ ഇൻഫർമേഷൻ ബ്യൂറോയിൽ ക്യാമ്പയിൻ ഓഫീസർ തസ്തികയിൽ ജോലി നോക്കി വരവെ 16.08.2005 ൽ അന്തരിച്ച റ്റി. കൃഷ്ണൻ എന്നയാളുടെ മകൾ ശ്രീമതി. ഡെസ് ലി . എൽ. കെ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച പരാമർശം (5) ലെ അപേക്ഷ പരാമർശം (6) ലെ കത്തു പ്രകാരം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. മരണമടഞ്ഞ ജീവനക്കാരന് 25 വർഷവും, 7 മാസവും, 9 ദിവസവും സർവ്വീസുണ്ടായിരുന്നു.

2) പരേതന്റെ മരണശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകിയിട്ടില്ല. ശ്രീമതി. ഡെസ് ലി എൽ. കെ.യുടെ ജനനത്തീയതി 30.05.1977 ആണ്. അപേക്ഷകയ്ക്ക് 40 വയസ്സ് പ്രായമുണ്ട്. എസ്.എസ്.എൽ.സി പാസായിട്ടുമുണ്ട്. ശ്രീമതി. ഡെസ് ലി. എൽ. കെ തിരുവനന്തപുരം ജില്ലയിൽ എൽ. ഡി ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3) മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ, വടക്കതിൽ ഹൗസ്, ചൂഴംപാല, മുക്കോല പോസ്റ്റിലെ ശ്രീമതി. ഡെസ് ലി എൽ.കെ.യ്ക്ക് ഗ്രാമവികസന വകുപ്പിൽ **ലോവർ ഡിവിഷൻ** ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി

സർക്കാർ ഉത്തരവാകുന്നു. പരാമർശം (3), (9) ഉത്തരവുകളിലെ നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, അനന്തരവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും യഥാർത്ഥ പ്രതി നിയമനാധികാരി പരിശോധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ അപേക്ഷകയ്ക്ക് ഗ്രാമവികസന വകുപ്പിൽ നിലവിലുള്ളതോ ഒഴിവു വരുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകേണ്ടതാണ്. ഈ നിയമങ്ങളെല്ലാം പരിശോധിച്ചതിനു ശേഷം ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഒരു പകർപ്പ് സർക്കാരിൽ തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പിൽ അയച്ചു തരേണ്ടതുമാണ്. പരാമർശം (2) ലെ സർക്കാർ വിജ്ഞാപന പ്രകാരം അപേക്ഷകയുടെ നിയമനത്തിനു ശേഷം പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുതല പരീക്ഷകൾ പാസായിരിക്കേണ്ടതുമാണ്.

4) അപേക്ഷ സമർപ്പിക്കുന്ന സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തതായി സർക്കാരിന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

ടി. കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീമതി. ഡെസ്ലി. എൽ. കെ., വടക്കതിൽ ഹൗസ്, ചൂഴംപാല, മുക്കോല പി.ഒ., തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര, നിയമം, ധനകാര്യ വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ